C 3379 (Pages : 3) Name.....................................

Reg. No.....................................

# Ph.D. ENTRANCE EXAMINATION, APRIL 2021

## MALAYALAM

Time : Two Hours Maximum : 100 Marks

ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. തിരുനിഴൽമാല ആദ്യമായി കണ്ടെത്തി പ്രസിദ്ധീകരിച്ചതാര് ?
2. രാമകഥപ്പാട്ടിന് പി.കെ. നാരായണപ്പിള്ള രചിച്ച വ്യാഖ്യാനത്തിന്റെ പേരെന്ത് ?
3. അനംഗസേന ഏത് കൃതിയിലെ നായികയാണ് ?
4. ഉള്ളൂർ രചിച്ച പച്ചമലയാള കാവ്യത്തിന്റെ പേരെന്ത് ?
5. എ. ആറിന്റെ വിയോഗത്തിൽ കുമാരനാശാൻ എഴുതിയ വിലാപകാവ്യമേത് ?
6. സഹ്യനെക്കാൾ തലപ്പൊക്കം / നിളയേക്കാളുമാർദ്രത - എന്ന വരികളിൽ ഏത് കവി ജീവിതത്തിന്റെ പ്രതീകവൽകരണമാണ് ആറ്റൂർ നിർവഹിച്ചിട്ടുള്ളത് ?
7. ദാമ്പത്യം മുഖ്യപ്രമേയമായി വരുന്ന വൈലോപ്പിള്ളിയുടെ പ്രസിദ്ധ കവിത ഏത് ?
8. പ്ലമേനമ്മായി എന്ന കഥാപാത്രത്തെ സൃഷ്ടിച്ച കവി ആര് ?
9. വിശക്കാത്തവന്റെ മുന്നിലെ അപ്പത്തിനേ / കാവ്യബിംബമാകാൻ കഴിയൂ എന്നെഴുതിയതാര് ?
10. ദൈവത്താർ എന്ന നാടകം ആരാണെഴുതിയത് ?
11. ഉയരുന്ന യവനിക ആരുടെ കൃതി ?
12. കേരളത്തിലെ ആദിവാസി ജീവിതത്തിന്റെ ദൈന്യതകളെ അവരുടെ അനുഷ്ഠാനത്തിന്റെ ഘടനയിൽ അവതരിപ്പിക്കുകയും സർക്കാർ നിരോധനം നേരിടേണ്ടി വരികയും ചെയ്ത നാടകം ഏത് ?
13. രാവുണ്ണി എന്ന നാടകം ആരുടെ രചനയാണ് ?
14. പെണ്ണുങ്ങളുടെ ബുദ്ധി എന്നു കൂടി പേരുള്ള മലയാള നോവൽ ഏത് ?
15. ചരിത്ര സംഭവങ്ങളെ ആസ്പദമാക്കി അപ്പൻ തമ്പുരാൻ എഴുതിയ നോവലിന്റെ പേരെന്ത് ?
16. കുന്ദൻ ഏത് നോവലിലെ കഥാപാത്രമാണ് ?
17. കൊറ്റവൈ ഏത് തിണയുടെ ദേവതയാണ് ?
18. ദ്രാവിഡ ഭാഷാഗോത്രം എന്ന പേര് ആദ്യമായി നിർദേശിച്ചതാര് ?
19. കക്ഷ്യാവിഭജനത്തിൽ മലയാളം ഏത് വിഭാഗത്തിൽപ്പെടുന്നു ?
20. ഭാഷാഭേദ ഭൂപടത്തിൽ ഭാഷാഭേദങ്ങളുടെ അതിർത്തി അടയാളപ്പെടുത്താനായി വരയ്ക്കുന്ന രേഖയുടെ പേരെന്ത് ?

Turn over

21. ലാങ്-പരോൾ ദ്വന്ദ്വത്തിന് പകരമായി ചോംസ്കി ഉപയോഗിച്ച പദങ്ങൾ ഏവ ?

22. മലയാളത്തിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥമേത് ?

23. മന്ത്രാങ്കം ഏത് കൃതിയുടെ ആട്ടപ്രകാരമാണ് ?

24. 1954-ലെ ലോക ചെറുകഥാ മൽസരത്തിൽ ഒന്നാം സമ്മാനാർഹമായ എം.ടി.യുടെ ചെറുകഥ ഏത് ?

25. പയ്യൻ കഥകൾ എഴുതിയ കഥാകൃത്താര് ?

26. വളർത്തുനായയെ കേന്ദ്ര കഥാപാത്രമാക്കി ടി. പത്മനാഭൻ എഴുതിയ ചെറുകഥ ഏത് ?

27. അടിമകൾ എങ്ങനെ ഉടമകളായി എന്ന കൃതി ആരുടെ ആത്മകഥയാണ് ?

28. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ മുഖപത്രം ഏത് ?

29. ഇടശ്ശേരിക്കവിത – ശിൽപവിചാരം എന്നത് ആരുടെ കൃതിയാണ് ?

30. ആശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായി വിശേഷിപ്പിച്ച നിരൂപകൻ ആര് ?

31. എം.പി. ശങ്കുണ്ണിനായർ രചിച്ച കാളിദാസ പഠനഗ്രന്ഥം ഏത് ?

32. രീതിരാത്മ കാവ്യസ്യ എന്നത് ആരുടെ അഭിപ്രായമാണ് ?

33. വാക്യം രസാത്മകം കാവ്യം – ആരുടെ സങ്കല്പമാണ് ?

34. ബഹുസ്വരത (polyphony) എന്ന സങ്കല്പനം ആരാണവതരിപ്പിച്ചത് ?

35. അർഥം നീട്ടി വെക്കപ്പെടുന്നു എന്നതിനെ സൂചിപ്പിക്കാൻ ഡിഫറാൻസ് എന്ന പദം ആദ്യമായി പ്രയോഗിച്ചതാര് ?

36. പുരുഷഭേദ നിരാസമല്ല, പുരുഷഭേദ അഭാവമാണ് മലയാളത്തിലുള്ളതെന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ ആര് ?

37. മറ്റൊരു ക്രിയക്ക് കീഴടങ്ങി നിലക്കുന്ന പറ്റുവിനയ്ക്ക് പറയുന്ന പേരെന്ത് ?

38. ഭൌമചാപം ആരുടെ കൃതിയാണ് ?

39. കവിതയുടെ ജീവചരിത്രം ആരാണെഴുതിയത് ?

40. "കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ / മണ്ണുമാന്തി കളിക്കുന്ന കൈകളിൽ പന്തു പോലൊന്ന് കിട്ടിയാൽ നിർത്തണേ / ഒന്നു കൂക്കി വിളിച്ചറിയിക്കണേ "—ആരുടെ വരികൾ ?

41. ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ പ്രധാന പങ്ക് വഹിച്ച കേരളീയ വൈദ്യൻ ആര് ?

42. മനോജ് കാന സംവിധാനം ചെയ്ത പണിയ ജീവിതം മുൻനിർത്തിയുള്ള ചലച്ചിത്രം ഏത് ?

43. ബിരിയാണി എന്ന മലയാള ചലച്ചിത്രത്തിന്റെ സംവിധായകൻ ആര് ?

44. പി.എഫ്. മാത്യൂസിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവൽ ഏത് ?

45. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിൽ അംഗമായ മലയാളി ദളിത് വനിത ആര് ?

46. പ്രൊഫ. ഓംചേരിയുടെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിനർഹമായ ഓർമക്കുറിപ്പുകളുടെ പേരെന്ത് ?

47. "അവനവനാത്മസുഖത്തിനാചരിക്കു
ന്നവയപരന്നു സുഖത്തിനായ് വരേണം"

—ഏത് കൃതിയിലെ വരികളാണ് ?

48. "ഭാഷാസൂത്രണം : പൊരുളും വഴിയും മലയാളത്തിന്റെ നാളെ ; ചർച്ചകൾക്കൊരാമുഖം ആരുടെ കൃതിയാണ് ?

49. താലവ്യാദേശത്തിന്റെ മറ്റൊരു പേരാണ് ————————.

50. മോയിൻകുട്ടി വൈദ്യർ സ്മാരകം എവിടെ സ്ഥിതി ചെയ്യുന്നു ?

(50 × 1 = 50 marks)

ഓരോന്നിനും മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

51. സംസ്കാര വ്യവസായം എന്നാൽ എന്ത് ? കേരളീയ സന്ദർഭത്തിൽ അതിന്റെ രാഷ്ട്രീയ വിവക്ഷകൾ എന്തെല്ലാം ?

52. ഏതെങ്കിലും ഒരു നോവലിസ്റ്റിനെ മുൻനിർത്തി മലയാള നോവുലുകളിലെ പാരിസ്ഥിതിക ദർശനത്തെയും സൌന്ദര്യ ശാസ്ത്രത്തെയും പറ്റി ചർച്ച ചെയ്യുക.

53. മലയാള ഭാഷാ സാഹിത്യ സംസ്കാര ഗവേഷണത്തിൽ സ്ത്രീവാദ സിദ്ധാന്തങ്ങൾക്കുള്ള പ്രസക്തി പരിശോധിക്കുക.

54. സമകാല മലയാള കവിതയിൽ ദളിത് കാവ്യവഴി എന്നൊന്നുണ്ടോ ? ചർച്ച ചെയ്യുക.

55. സമകാല മലയാള നോവലുകളിലെ ചരിത്രത്തിന്റെ പരിചരണത്തെപ്പറ്റി നിരൂപണം ചെയ്യുക.

(3 × 10 = 30 marks)

56. ഇഷ്ടമുള്ള ഒരു വിഷയത്തിൽ ഗവേഷണം നടത്തുന്നതിനുള്ള പ്രബന്ധ രൂപരേഖ (സിനോപസിസ്) തയ്യാറാക്കുക.

(1 × 20 = 20 marks)